# അഗ്നിയാൽ ശോധന ചെയ്യപ്പെട്ട വിശ്വാസം

സാക് പുന്നൻ

WFTW 23 ഏപ്രിൽ 2017

1 പത്രൊസിൽ അപ്പൊസ്തലനായ പത്രൊസ് പറയുന്നത്, ഈ ഭൂമിയിൽ നാം കടന്നുപോകുന്ന എല്ലാ ശോധനകളും 'അല്പകാലത്തേക്ക്' മാത്രമുള്ളതാണെന്നാണ് (1 പത്രൊസ് 1:6). നിത്യതയുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ, 100 വർഷങ്ങൾ പോലും ഒരു ചെറിയ കാലയളവാണ്. നിത്യതയുടെ ഈ കാഴ്ചപ്പാടാണ് ശോധനയുടെ മദ്ധ്യത്തിൽ നമുക്കുണ്ടായിരിക്കേണ്ടത്. എല്ലാ അപ്പൊസ്തലന്മാർക്കും ഈ ഒരു കാഴ്ചപ്പാടുണ്ടായിരുന്നു. യാക്കോബ് നമ്മുടെ ജീവിതത്തെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത് ഒരാവിയായിട്ടാണ് ( യാക്കോബ് 4:14). ' നൊടിനേരത്തേക്കുള്ള നമ്മുടെ കഷ്ടങ്ങളെ' കുറിച്ച് പൗലോസ് പരാമർശിച്ചിരിക്കുന്നു.( 2 കൊരി 4:4). പത്രൊസിൻറെ ഒന്നാം ലേഖനത്തിൻറെ പ്രതിപാദ്യവിഷയം ദൈവത്തിൻറെ സത്യകൃപ എന്നതാണ് എന്ന് ഓർക്കുക. അതുകൊണ്ട് നാം ഇവിടെ ആദ്യം മനസ്സിലാക്കുന്ന കാര്യങ്ങളിൽ ഒന്ന്, ദൈവത്തിൻറെ സത്യകൃപ പ്രാപിക്കുന്നവർ വിവിധ തരത്തിലുള്ള ശോനകളാൽ ക്ലേശിപ്പിക്കപ്പെടും എന്നത് സാധാരണമായ ഒരു കാര്യമാണ് എന്നതാണ്.

ആ ശോധനകളുടെ ഉദ്ദേശ്യം നമ്മുടെ വിശ്വാസത്തിൻറെ നിജസ്ഥിതി തെളിയിക്കുക എന്നതാണ്  തീയിൽ ശോധന ചെയ്യപ്പെടുന്ന പൊന്നുപോലെ. ഭൂമിയുടെ ആഴങ്ങളിൽ നിന്ന് എടുക്കുമ്പോൾ സ്വർണ്ണം ശുദ്ധമല്ല. അതിനെ ശുദ്ധീകരിക്കുന്നതിനുള്ള ഏക മാർഗ്ഗം അത് തീയിൽ ഇടുക എന്നതാണ്. സോപ്പും വെള്ളവും കൊണ്ട് ഉരച്ചു കഴുകി അത് ശുദ്ധിചെയ്യാൻ നിങ്ങൾക്കു കഴിയുകയില്ല. അത് അഴുക്ക് മാത്രമെ നീക്കുകയുള്ളു. എന്നാൽ സ്വർണ്ണത്തിൽ കലർന്നിരിക്കുന്ന മറ്റു ലോഹങ്ങൾ നീക്കാൻ, അത് തീയിൽ ഇടേണ്ട ആവശ്യമുണ്ട്. അപ്പോൾ എല്ലാ ലോഹസങ്കരങ്ങളും ഉരുകി മാറുകയും ശുദ്ധമായ സ്വർണ്ണം പുറത്തു വരികയും ചെയ്യുന്നു. നിങ്ങൾ കടന്നുപോകുന്ന ശോധനകൾ തീപോലെയുള്ളതാകാം. അത് നിങ്ങളെ പീഡിപ്പിക്കുകയും നിങ്ങൾ അഗ്നിയിലാണെന്ന തോന്നൽ നിങ്ങൾക്കുണ്ടാകുകയും ചെയ്യുന്നു. അതിൻറെ ഏക ഉദ്ദേശ്യം നിങ്ങളുടെ ജീവിതത്തിൽ നിന്ന് അശുദ്ധമായതിനെ നീക്കികളയുക എന്നതാണ്. ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുകയും അവരുടെ വസ്തുവകകൾ അപഹരിക്കപ്പെടുകയും ചെയ്ത രാജ്യങ്ങളിൽ, അതിൻറെ ഫലമെന്തായിരുന്നു? അവർ കുറച്ചു കൂടി നല്ല മോക്ഷയാത്രികരായി തീർന്നു. ഇപ്പോൾ അവർ ഒന്നുമില്ലാത്തവരായപ്പോൾ അവർക്ക് തങ്ങളുടെ വസ്തുവകകളോടുള്ള അടുപ്പം കുറഞ്ഞവരായിതീർന്നു. എന്നാൽ പീഡനം ഇല്ലാത്തിടത്ത് ഏറ്റവും നല്ല വിശ്വാസികൾക്കുപോലും അവരുടെ വസ്തുവകകളോടും സമ്പത്തിനോടും വളരെ പറ്റിച്ചേർന്നിരിക്കാൻ കഴിയും. നാം അതിനൊടൊന്നും പറ്റിച്ചേർന്നിട്ടില്ലെന്ന് ചിന്തിച്ചേക്കാം, എന്നാൽ നാം നമ്മെ തന്നെ വഞ്ചിക്കുകയാണ്. അതുകൊണ്ട് ഒരു നാൾ ദൈവം നമ്മുടെ രാജ്യത്ത് പീഡനം വരുവാൻ അനുവദിക്കും.  അപ്പോൾ നാം ശുദ്ധീകരിക്കപ്പെടും.

കമ്മ്യൂണിസ്റ്റുകാർ റഷ്യ ഭരിച്ചപ്പോൾ, ക്രിസ്ത്യാനികൾക്ക് കോളേജ് വിദ്യാഭ്യാസമോ, നല്ല ജോലിയോ നേടുവാൻ കഴിയുമായിരുന്നില്ല എന്നു ഞാൻ കേട്ടിട്ടുണ്ട്. തെരുവുകൾ വൃത്തിയാക്കുന്നതു പോലെയുള്ള താഴ്ന്ന ജോലികൾ മാത്രമെ അവർക്കു നേടുവാൻ കഴിഞ്ഞിരുന്നുള്ളു. അങ്ങനെയുള്ള സാഹചര്യങ്ങളിൽ, ഉന്നതസ്ഥാനങ്ങളും വലിയജോലിയും ഉള്ളതിലൂടെ ഉണ്ടാകാവുന്ന ബഹുമതിയിൽ നിന്നും വലിയ ആളാണെന്നുള്ള ഭാവത്തിൽ നിന്നും എളുപ്പത്തിൽ വേർപെട്ടു നിൽക്കുവാൻ നമുക്ക് കഴിയുന്നു. സ്വർണ്ണത്തിൽ നിന്ന് കീടമെല്ലാം എരിഞ്ഞുമാറിയിട്ട് നാം വാസ്തവത്തിൽ ശുദ്ധമായി തീരുന്നു. അതുകൊണ്ടാണ് ഇന്ന് ലോകത്തിലെ ഏറ്റവും നല്ല ക്രിസ്ത്യാനികളിൽ ചിലർ പീഡനമുള്ള സ്ഥലങ്ങളിൽ

ഉള്ളത്. അതുകൊണ്ടു തന്നെ ക്രിസ്ത്യാനികൾക്ക് ഒരു പീഡനങ്ങളും ഉണ്ടാകരുതെന്ന് ഞാൻ ഒരിക്കലും പ്രാർത്ഥിക്കാറില്ല  കാരണം അങ്ങനെ ചെയ്യുമ്പോൾ ഞാൻ പ്രാർത്ഥിക്കുന്നത് സഭയുടെ ശുദ്ധീകരണത്തിനെതിരായിട്ടായിരിക്കും. ഞാൻ പീഡനത്തിനുവേണ്ടി പ്രാർത്ഥിക്കാറില്ല, അതുപോലെ പീഡനത്തിനെതിരായും പ്രാർത്ഥിക്കാറില്ല. ഏതു സമയവും സഭയ്ക്ക് ഏറ്റവുംനല്ലത് എന്താണെന്ന് കർത്താവിനറിയാം. അതുകൊണ്ട് അതു തീരുമാനിക്കാൻ അവിടുത്തേക്ക് വിട്ടുകൊടുക്കും. ഏതു മാർഗ്ഗവും എനിക്കൊരുപോലെ നല്ലതാണ്. നാം സത്യകൃപ പ്രാപിക്കുമ്പോൾ ഇതായിരിക്കും നമ്മുടെ മനോഭാവം.

ക്രിസ്തു മടങ്ങിവരുമ്പോൾ ഇതെല്ലാം അവിടുത്തെ പുകഴ്ച്ചയ്ക്കും മഹത്വത്തിനും മാനത്തിനുമായി തീരും എന്ന് പത്രൊസ് തുടർന്നു പറയന്നു. ഈ ശോധനകളുടെ മദ്ധ്യത്തിൽ നാം അവിടുത്തെ കാണുന്നില്ലെങ്കിലും, അപ്പോഴും നാം അവിടുത്തെ സ്നേഹിക്കുകയും, തന്നിൽ ആശ്രയിക്കുകയും വർദ്ധിച്ച സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു. പത്രൊസ് യേശുവിനെ ശാരീരികമായി കണ്ടിട്ടുണ്ട്. എന്നാൽ യേശു പറഞ്ഞു ‘ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ‘ ( യോഹന്നാൻ 20:29). നിങ്ങളിൽ എത്രപേർ ആ വാക്യം വിശ്വസിക്കുന്നു എന്ന് എനിക്കറിയില്ല  യേശുവിനെ ശാരീരികമായി കണ്ടിട്ടില്ലാത്തവരാണ്, പത്രൊസിനെപ്പോലെ അവിടുത്തെ ശാരീരികമായി കണ്ടിട്ടുള്ളവരേക്കാൾ ഭാഗ്യവാന്മാരെന്ന്. കർത്തവങ്ങനെപറഞ്ഞിട്ടുള്ളതിനാൽ അത് ഞാൻ എൻറെ പൂർണ്ണ ഹൃദയം കൊണ്ടും വിശ്വസിക്കുന്നു. വിശ്വസ്തതയോടെ ശോധനയിലൂടെ കടന്നുപോകുന്നതിൻറെ ഫലമായി, നാം ‘നമ്മുടെ ആത്മാക്കളുടെ രക്ഷ‘ പ്രാപിക്കുന്നു എന്ന് പത്രൊസ് തുടർന്നു പറയന്നു. (1 പത്രൊസ് 1:9). നരകത്തിൽ നിന്നുള്ള രക്ഷയെക്കാൾ അധികമായി നമ്മുടെ ആത്മാക്കളുടെ രക്ഷയെക്കുറിച്ചാണ് അപ്പൊസ്തലന്മാർ പറഞ്ഞിട്ടുള്ളത്.

നമ്മുടെ ആത്മാവ്, ആദാമിൽ നിന്ന് സ്വാർത്ഥതയും നിഗളവും മറ്റു പലതിന്മകളും അവകാശമാക്കിയിട്ടുണ്ട്. ആദാമിൽ നിന്ന് അവകാശമാക്കിയ എല്ലാ തിന്മകളിൽ നിന്നും നാം രക്ഷിക്കപ്പെടേണ്ടതുണ്ട്  ഭൗതിക വസ്തുക്കളോടുള്ള നമ്മുടെ പ റ്റുമാനം, നമ്മുടെ മാനം തേടൽ, സ്വയകേന്ദ്രീകൃതമായ വഴിയിലുള്ള നമ്മുടെ ജീവിതം, മുതലായവ പോലെയുള്ള കാര്യങ്ങൾ. നമ്മെ പല തിന്മകളിൽ നിന്നും വിടുവിക്കുവാൻ അഗ്നിശോധനകളും പീഡനവും സഹായിക്കുന്നു.

മാനസിക വൈകല്യമുള്ള ഒരു കുഞ്ഞുണ്ടായിരിക്കുന്നതിലുള്ള ശോധനയെപ്പറ്റി ചിന്തിക്കുക. ചില ആളുകൾ അതിനെ വലിയ ഒരു ദുർഭാഗ്യമായി കരുതുന്നു. അങ്ങനെയൊരു കുഞ്ഞുണ്ടാകുവാൻ നമ്മിലാരും പ്രാർത്ഥിക്കുകയില്ല. എന്നാൽ ദൈവത്തെ സ്നേഹിക്കുന്ന ഒരു കുടുംബത്തിന് അങ്ങനെയൊരു കുഞ്ഞുണ്ടാകുവാൻ ദൈവം അനുവദിച്ചാൽ, അത് അവരുടെ നന്മയ്ക്കായി ദൈവം തീർക്കുമെന്ന് നമുക്ക് തീർച്ചപ്പെടുത്താം. അത്തരത്തിൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങളിൽ, മറ്റു കുടുംബങ്ങളെ അപേക്ഷിച്ച്, അവിടുത്തെ മറ്റു മക്കളിൽ ആർദ്രതയുടെയും, ത്യാഗത്തിൻറെയും ശുശ്രൂഷയുടെയും ആത്മാവ് ഉണ്ട് എന്നുള്ള കാര്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. മിടുക്കന്മാരും കഴിവുള്ളവരുമായ മക്കളുള്ള മാതാപിതാക്കളുടെ ഹൃദയങ്ങളിൽ മിക്കവാറും, ബോധപൂർവ്വമല്ലാതെ ഒരു നിഗളം കടന്നുവരുവാൻ സാധ്യതയുണ്ട്. നിഗളം സ്വർഗ്ഗത്തിനുള്ളതല്ല, അത് നരകത്തിനുള്ളതാണ്. എന്നാൽ നിർഭാഗ്യവശാൽ അനേകം വിശ്വാസികളുടെ കുടുംബങ്ങളിൽ നിഗളം കാണപ്പെടുന്നു.

ദൈവം തൻറെ എല്ലാ മക്കളെയും ശോധനകൾ നേരിടുവാൻ അനുവദിക്കുന്നു. തൻറെ വലിയ ജ്ഞാനത്തിൽ, അതെപ്പോഴാണ് അവരുടെ അടുത്തേക്ക് അയക്കേണ്ടതെന്ന് അവിടുത്തേക്കറിയാം. നാം കർത്താവിൻറെ മുമ്പിൽ നിൽക്കുമ്പോൾ, നമ്മുടെ ജീവിതത്തിൽ ദൈവം അനുവദിച്ച ഒരു ശോധനയിലും അവിടുത്തേക്ക് ഒരു ചെറിയ പിശകുപോലും

പറ്റിയിട്ടില്ലെന്ന്, നാം കണ്ടെത്തും. നമ്മുടെ ജീവിതത്തിൽ അവിടുന്ന് അനുവദിച്ച ഓരോ ശോധനയും, നമ്മെ പൊന്നുപോലെ ശുദ്ധിചെയ്യേണ്ടതിനായിരുന്നു എന്ന് നാം ആ നാളിൽ കണ്ടെത്തും. നിങ്ങൾ അതു വിശ്വസിക്കുമെങ്കിൽ, എല്ലാ സമയത്തും നിങ്ങൾ കർത്താവിനെ സ്തുതിക്കും. ശോധനകളുടെ നടുവിൽ നിങ്ങൾക്കു പറഞ്ഞു തീരാനാവാത്ത സന്തോഷമുണ്ടാകും അതു നിങ്ങളുടെ ആത്മാവിൻറെ രക്ഷയ്ക്ക് കാരണമായിതീരും. കഴിഞ്ഞ കാലത്തുണ്ടായിരുന്ന പ്രവാചകന്മാർ മനസ്സിലാക്കുവാൻ അന്വേഷിച്ചത് ഈ രക്ഷയാണ്. എന്നാൽ അവർക്കതിനു കഴിഞ്ഞില്ല. ദൂതന്മാർപോലും ഇതിലേയ്ക്ക് കുനിഞ്ഞു നോക്കി ( 1 പത്രൊസ് 1:12). എന്നാൽ ഇന്ന് സ്വർഗ്ഗത്തിൽ നിന്നയച്ചിരിക്കുന്ന പരിശുദ്ധാത്മാവ് സുവിശേഷം അറിയിക്കുന്നവരെ അഭിഷേകം ചെയ്തിരിക്കുന്നു. അതുകൊണ്ട് പത്രൊസ് പറയുന്നു. ‘ ഇത്ര അത്ഭുതകരമായ ഒരു സുവിശേഷം നമുക്കുള്ളതിനാലും, ഈ ശോധനയിലൂടെ കടന്നുപോകുന്നത്. ഒരു ചെറിയ കാലയളവിലേയ്ക്കു മാത്രം ആയതിനാലും, നാം നേരിടുന്ന കഷ്ടങ്ങളാൽ ചഞ്ചലപ്പെടാതെ ക്രിസ്തുവിൻറെ വരവിനായി നോക്കി പാർത്തു കൊണ്ട് നമ്മുടെ മനസ്സിനെ ഉണർത്തുക ( 1 പത്രൊസ് 1:13).